# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**ഫോൺ :0471–2324997,2327630.ഫാക്സ്: 0471–2324997.** E mail - kstatvm@gmail.com

തിരുവനന്തപുരം – 2012 മെയ് 23

പത്രസമ്മേളന കുറിപ്പ്

### കെ.എസ്.ടി.എ പ്രക്ഷോഭത്തിലേക്ക്

## പൊതുവിദ്യാലയങ്ങളെ തകർക്കുന്ന അശാസ്ത്രീയമായ പരിഷ്ക്കാരങ്ങൾ ഉപേക്ഷിക്കുക

**മെയ് 24–26**

**പൊതുവിദ്യാഭ്യാസ സംരക്ഷണ ജാഥ**

**മെയ് 30**

**ജില്ലാ കേന്ദ്രങ്ങളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ സംഗമം**

**ജൂലൈ 7 ന് സെക്രട്ടറിയേറ്റ്–ജില്ലാകേന്ദ്രങ്ങളിൽ വമ്പിച്ച അധ്യാപകമാർച്ചും ധർണ്ണയും**

അശാസ്ത്രീയമായ പരിഷ്ക്കാരങ്ങളിലൂടെ പൊതുവിദ്യാലയങ്ങളെ തകർക്കുന്ന സർക്കാർ നയത്തിനെതിരെ പ്രക്ഷോഭമാരംഭിക്കാൻ കെ.എസ്.ടി.എ തീരുമാനിച്ചു. വിദ്യാലയവർഷം ആരംഭിക്കാനിരിക്കെ ഒരുവിധത്തിലുള്ള മുന്നൊരുക്കങ്ങളും സർക്കാരും വിദ്യാഭ്യാസ വകുപ്പും നടത്തിയിട്ടില്ല. 180000 ത്തോളം അധ്യാപകർക്ക് വെക്കേഷൻ കാലത്ത് നൽകിവരുന്ന അധ്യാപക പരിശീലനം നിർത്തിവച്ചു. അധ്യാപകർക്ക് നൽകിയിരുന്ന തുടർ പരിശീലനവും ക്ലസ്റ്ററുകളും അവസാനിപ്പിച്ചു. സ്കൂൾ പ്രവേശനത്തിനുള്ള പ്രായപരിധിയുടെ കാര്യത്തിൽ ആശയക്കുഴപ്പം ഉാക്കി. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾ നിർത്തലാക്കുമെന്ന് പ്രഖ്യാപിച്ചു. അധ്യാപക സംഘടനകളുടെ ശക്തമായ പ്രക്ഷോഭത്തെത്തുടർന്ന് സർക്കാർ തീരുമാനം മാറിയെങ്കിലും ഘടനാപരമായ മാറ്റം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്.

52 ലക്ഷം കുട്ടികൾക്ക് പഠിക്കുവാനുള്ള ക്ലാസ്മുറികളും യോഗ്യതയുള്ള അധ്യാപകരും ഉള്ള കേരളത്തിൽ പുതിയ സ്കൂളുകളുടെ ആവശ്യമില്ല. നിലവിൽതന്നെ മൂവ്വായിരത്തിലധികം സ്കൂളുകൾ അൺ–എക്കണോമിക് ആണെന്നാണ് സർക്കാർ പറയുന്നത്. 200 ലധികം സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി കൊടുത്തതും നിലവിലുായിരുന്ന നിബന്ധകൾ എടുത്തുകളഞ്ഞതും ഒരു വർഷത്തെ ഭരണനേട്ടമായി സർക്കാർ പറയുന്നു. അനധികൃതമായി പ്രവർത്തിക്കുന്ന രായിരത്തിലധികം അൺ–എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുമെന്നും പറയുന്നു. പൊതുവിദ്യാലയങ്ങളെ തകർക്കുന്നതും കോർപ്പറേറ്റുകളെയുൾപ്പെടെ കേരളത്തിൽ സ്കൂൾ തുടങ്ങുവാൻ ക്ഷണിക്കുന്നതും ഭരണനേട്ടമായി പറയുന്ന കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയായിരിക്കും ഇപ്പോഴത്തെ വിദ്യാഭ്യാസ മന്ത്രി.

പാഠ്യപദ്ധതിയും പഠനപ്രവർത്തനങ്ങളും അട്ടിമറിക്കാനുള്ള ശ്രമം തുടരുക്കയാണ്. എസ്.സി.ഇ.ആർ.ടിയെ അക്കാദമിക രംഗത്ത് മികവില്ലാത്തവരുടെ സ്ഥാപനമാക്കി മാറ്റി. അധ്യാപക പരിശീലനത്തിന് ചരിത്രത്തിലാദ്യമായി ടി.സി.എസ്. പോലുള്ള മൾട്ടിനാഷണലുകളെ ക്ഷണിച്ചുവരുത്തി. ആർ.എം.എസ്.എ, എസ്.എസ്.എ എന്നീ പ്രോജക്ടുകൾ നിശ്ചലാവസ്ഥയിലാണ്. പത്ത് ട്രെയിനർമാർ വേടത്ത് ഒരാൾ വീതമുള്ള ഇരുപതോളം ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുകയാണ്. ആവശ്യത്തിലധികം ഐ.ഇ.ഡി റിസോഴ്സ് ടീച്ചർമാരെ നിയമിക്കുകയും അവരുടെ പരിശീലനത്തിന്റെ പേരിൽ കോടികളുടെ അഴിമതി നടത്തുകയും ചെയ്യുന്ന സ്ഥാപനമായി എസ്.എസ്.എ മാറി. സീമാറ്റിന്റെ പ്രവർത്തനവും അവതാളത്തിലാണ്. പുതിയ പാഠ്യപദ്ധതിയുടെ നേട്ടമായ എസ്.എസ്.എൽ.സി പരീക്ഷ ഫലംമാത്രമാണ് സർക്കാരിന് എടുത്തുപറയാൻ കഴിയുന്നത്. എസ്.എസ്.എൽ.സി പരീക്ഷ ഇങ്ങനെ തുടരേതുോ എന്നും മന്ത്രി ചോദിക്കുന്നു.

ഘടനാമാറ്റം നടത്തുമെന്ന് മന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ്. ഒൻപതിനായിരത്തോളം മെച്ചപ്പെട്ട വിദ്യാലയങ്ങളെക്കൂടി തകർക്കലാണ് ലക്ഷ്യം. വ്യവസ്ഥാപിതമായ ടി.സി യും സ്കൂൾ പ്രവേശനം നിലനിൽക്കുന്ന കേരളത്തിൽ ക്ലസ്റ്ററുകളുടെ പേരിൽ നിലവിലുള്ള മെച്ചപ്പെട്ട വിദ്യാലയങ്ങളെ തകർക്കാനുള്ള ശ്രമമാണ് നടക്കുന്നത്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ ഘടനാമാറ്റം അനിവാര്യമാണെന്ന് പറയുന്നില്ല. 14 വയസ്സുവരെയുള്ള കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം വേണമെന്നേ പറയുന്നുള്ളൂ. നിശ്ചിത ദൂരപരിധിക്കുള്ളിൽ ഇത് സാധ്യമാക്കിയാൽ മാത്രം മതി. ഘടനാമാറ്റം ഈ വർഷം ആരംഭിക്കും എന്ന പ്രഖ്യാപനം മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന പൊതുവിദ്യാലയങ്ങളുടെ തകർച്ചയ്ക്ക് ഇടയാക്കും. 'ആശ്വാസി'ന്റെ (കലാ–കായിക പഠനകേന്ദ്രം) പേരിൽ ക്ലസ്റ്ററുകളിൽ ഉൾപ്പെടുത്തി ആയിരത്തിലധികം എൽ.പി സ്കൂളുകൾ അടച്ചുപൂട്ടാൻ നീക്കമു ്. 'ആശ്വാസി'ലൂടെ സ്കൂൾ തല സ്പെഷ്യലിസ്റ്റ് തസ്തിക ഇല്ലാതാക്കുകയാണ്.

അധ്യാപക പാക്കേജിന്റെ പേരിലുള്ള പ്രഖ്യാപനങ്ങളെല്ലാം പൊള്ളയായ വാഗ്ദാനങ്ങൾ മാത്രമായിരുന്നുവെന്ന് ബോധ്യമായിരിക്കുകയാണ്. മാനേജർമാർ അനധികൃതമായി നിയമിച്ചവർക്കും അഴിമതിക്കാർക്കും ഗുണം ചെയ്യുന്ന തരത്തിൽ മുവ്വായിരത്തിലധികം പേർക്ക് നിയമനാംഗീകാരം നൽകിയതല്ലാതെ മറ്റൊന്നും ഒരു വർഷമായിട്ടും നടന്നിട്ടില്ല. എൽ.ഡി.എഫ് സർക്കാർ ഉത്തരവാക്കിയ 1:30 അനുപാതം ഒരു വർഷം കഴിഞ്ഞിട്ടും നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. അധ്യാപക–വിദ്യാർത്ഥി അനുപാതം കുറയുമ്പോഴുാകുന്ന അധിക ഡിവിഷനുകളിൽ മാനേജർമാർക്ക് നിയമനം നടത്താമെന്നാണ് ഉത്തരവ്. ഇതിലൂടെ അയ്യായിരത്തോളം പുതിയ നിയമനം നടത്തി കുറഞ്ഞത് ആയിരം കോടിരൂപയുടെ അഴിമതി നടത്താൻ മാനേജർമാർക്ക് അവസരമൊരുക്കിയിരിക്കുകയാണ്. എസ്.എസ്.എൽ.സി പരീക്ഷ മാറ്റുമെന്നും ഹയർസെക്കന്ററിയുടെ നിലവിലുള്ള കോമ്പിനേഷനുകൾ പുനഃക്രമീകരിക്കുമെന്ന് മന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ്. ഏകപക്ഷീയമായ പരിഷ്ക്കാരത്തിലൂടെ പൊതുവിദ്യാഭ്യാസത്തെ തകർക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്.

പൊതുവിദ്യാഭ്യാസത്തിന്റെ അഭിമാനമായി മാറിയ ഐ.ടി. അറ്റ് സ്കൂളിന്റെ പ്രവർത്തനവും ലീഗുപ്രവർത്തകനായ ഡയറക്ടറെ നിയമിച്ച് തകർക്കാൻ ശ്രമിക്കുകയാണ്. കഴിവുള്ള ട്രെയിനർമാരെയും കോ–ഓർഡിനേറ്റർമാരെയും കൂട്ടമായി പിരിച്ചുവിടാനുള്ള നീക്കം നടക്കുകയാണ്.

വൊക്കേഷണൽ ഹയർസെക്കന്ററിയിൽ സീനിയർ അധ്യാപകരെ പ്രിൻസിപ്പിളാക്കിയ ഉത്തരവും മരവിപ്പിച്ചിരിക്കുകയാണ്. ഹെഡ്ടീച്ചർ തസ്തിക (എൽ.പി–യു.പി) സൃഷ്ടിച്ച ഉത്തരവും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല (എയ്ഡഡ് സ്കൂളുകൾക്ക് ബാധകമാക്കാൻ കഴിയില്ല). എസ്.എസ്.എ യൂണിഫോം വിതരണം എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് നൽകിയില്ല. തൽക്കാലം അതും നിർത്തിവെയ്ക്കാനാണ് ഉത്തരവ്. സർക്കാർ അധികാരത്തിൽ വന്ന് ഒരുവർഷമായിട്ടും 115 സർക്കാർ ഹയർസെക്കന്ററികളിൽ പ്രിൻസിപ്പാൾമാരെ നിയമിച്ചിട്ടില്ല. ഫലത്തിൽ 7 ൽ 1 സർക്കാർ ഹയർസെക്കന്ററിയിൽ ഒരുവർഷമായി പ്രിൻസിപ്പൽ ഇല്ലായിരുന്നു. ഹയർസെക്കന്ററി ഓൺലൈൻ സ്ഥലംമാറ്റം ഒരുവർഷക്കാലം മരവിപ്പിച്ചു. കംപാഷണേറ്റ് സ്ഥലംമാറ്റത്തിൽ അഴിമതി നടത്തി. പ്രക്ഷോഭം നടന്നപ്പോൾ 70 പേർക്ക് നൽകിയ അനധികൃത സ്ഥലംമാറ്റം ഉപേക്ഷിച്ചു.

രു ലക്ഷത്തോളം അധ്യാപകരും നാൽപത്തിര് ലക്ഷം കുട്ടികളുമുള്ള പൊതുവിദ്യാഭ്യാസസംവിധാനത്തെ തകർക്കാനുള്ള നീക്കങ്ങളെ കൈയ്യുംകെട്ടി നോക്കിയിരിക്കാൻ കേരളത്തിലെ അധ്യാപകർക്ക് കഴിയില്ല. സർക്കാർ നയം തിരുത്തുംവരെ ശക്തമായ പ്രക്ഷോഭവുമായി മുന്നോട്ടുപോകും. 2012 മെയ് 24 മുതൽ 26 വരെ 14 പൊതുവിദ്യാഭ്യാസ സംരക്ഷണ ജാഥകൾ ജില്ലകളിൽ നടക്കും. പൊതുജനങ്ങളും അധ്യപകരും പങ്കെടുക്കുന്ന പൊതുവിദ്യാഭ്യാസ സംഗമം മെയ് 30 ന് ജില്ലാകേന്ദ്രങ്ങളിൽ നടക്കും. വിദ്യാഭ്യാസ–സാംസ്കാരികരംഗത്തെ പ്രമുഖരും പ്രതിനിധികളും പങ്കെടുക്കും. ജൂലൈ 7 ന് പതിനായിരക്കണക്കിന് അധ്യാപകർ പങ്കെടുക്കുന്ന സെക്രട്ടറിയറ്റ് – ജില്ലാതല മാർച്ചുകളും നടക്കും.

*പത്രസമ്മേളനത്തിൽ പങ്കെടുത്തവർ*

| | | | |
|---|---|---|---|
| **എം. ഷാജഹാൻ** | **കെ.ജെ. ഹരികുമാർ** | **കെ.പി. സന്തോഷ്കുമാർ** | **സി.വി. സജീവ്ദത്ത്** |
| ജനറൽ സെക്രട്ടറി | വൈസ്പ്രസിഡന്റ് | എക്സി.അംഗം | ജില്ലാസെക്രട്ടറി |

# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**ഫോൺ :0471–2324997,2327630.ഫാക്സ്: 0471–2324997.** E mail - kstatvm@gmail.com


## ഒരുവർഷംകൊ് പൊതുവിദ്യഭ്യാസത്തെ അതിവേഗം തകർത്ത യു.ഡി.എഫ് സർക്കാർ

1. നിബന്ധനകൾ ഇല്ലാതെ സി.ബി.എസ്.ഇ സ്കൂളുകൾക്കും അനധികൃതവിദ്യാലയങ്ങൾക്കും അംഗീകാരം നൽകുന്ന കേരളത്തിലെ ആദ്യത്തെ സർക്കാരും വിദ്യാഭ്യാസമന്ത്രിയും.
2. അശാസ്ത്രീയമായ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ ഏകപക്ഷീയമായി പ്രഖ്യാപിക്കുന്ന സർക്കാർ
3. പൊതുവിദ്യാലയങ്ങൾ തകരണമെന്ന് പരസ്യമായി പറയുന്ന ഭരണം.
4. കോർപ്പറേറ്റുകളെ സ്കൂൾ തുടങ്ങാനും (ടി.സി.എസ്) അധ്യാപക പരിശീലനത്തിനും ക്ഷണിച്ചു.
5. കരിക്കുലം കമ്മിറ്റി, എസ്.സി.ഇ.ആർ.ടി. സീമാറ്റ്, ആർ.എം.എസ്.എ, എസ്.എസ്.എ – യോഗ്യതയില്ലാത്തവരുടെ താവളം. അക്കാദമിക മികവ് ഇല്ലാതാക്കി.
6. പത്താംക്ലാസിൽ (സാമൂഹ്യശാസ്ത്രം) ഒന്നാം അധ്യായം ഒരു കാരണവുമില്ലാതെ തടഞ്ഞുവെച്ചു. യഥാസമയം പഠിപ്പിക്കാൻ കഴിഞ്ഞില്ല. സാമൂഹ്യശാസ്ത്രത്തിന് കണക്കിനേക്കാൾതാഴെ കുട്ടികൾ എത്തിയ വർഷം.
7. വിദ്യഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ പേരിൽ അശാസ്ത്രീയമായ ഘടനാമാറ്റം മെച്ചപ്പെട്ട പൊതുവിദ്യാലയങ്ങളെ തകർക്കൽ, ആശ്വാസ് – എൽ.പി സ്കൂൾ അടച്ചുപൂട്ടൽ.
8. പൊതുവിദ്യാലയങ്ങളിൽ സ്കൂൾ പ്രവേശനം നടക്കേ സമയത്ത് യാതൊരു അടിസ്ഥാനവും ഇല്ലാതെ പ്രവേശനപ്രായം ആറുവയസാക്കി ആശയക്കുഴപ്പം ഉാക്കി.
9. വി.എച്ച്.എസ്.ഇ, എച്ച്.എസ്.ഇ സംയോജനം – ഏകപക്ഷീയമായ പ്രഖ്യാപനം നടത്തൽ.
10. അധ്യാപക സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ – ആരുമായും ചർച്ചചെയ്യാതെ ജനാധിപത്യ വിരുദ്ധമായ പരിഷ്ക്കാരങ്ങൾ പ്രഖ്യാപിക്കുന്ന സർക്കാർ.
11. അക്കാദമികരംഗം തകർത്ത് തുടർപരിശീലനം നിർത്തിവച്ചു.
12. പാക്കേജിന്റെ പേരിൽ അധ്യാപകരെ കബളിപ്പിച്ചു. ടീച്ചേഴ്സ് ബാങ്കിന്റെ പേരിൽ അധ്യാപകരെ കബളിപ്പിച്ചു. ശമ്പളം ഇതുവരെയും നൽകിയില്ല. മാനേജർമാരുടെ നിയമനത്തിനുമാത്രം അംഗീകാരം.
13. പാക്കേജിന്റെ പേരിലുള്ള പരിശീലനം അനിശ്ചിതമായി നീുപോകുന്നത്. പൊതുവിദ്യാലയങ്ങളിലെ അധ്യാപകർ സ്കൂൾ തുറന്നതിനുശേഷം പരിശീലനത്തിന് പോകേിവരുന്നു.
14. ഹെഡ്ടീച്ചർ തസ്തിക ഉത്തരവായെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കാൻ കഴിയില്ല.
15. എസ്.എസ്.എ യൂണിഫോം എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൊടുത്തില്ല.
16. വി.എച്ച്.എസ്.ഇ പ്രിൻസിപ്പൽ തസ്തികയുടെ പേരിൽ ഉത്തരവിറക്കി അധ്യാപകരെ കബളിപ്പിച്ചു. ഉത്തരവ് മരവിപ്പിച്ചു.
17. ഓപ്പൺ സ്കൂൾ, സാക്ഷരതാ മിഷൻ സ്വന്തക്കാരുടെ താവളമാക്കി.
18. 115 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ യു.ഡി.എഫ് സർക്കാർ അധികാരമേറ്റശേഷം പ്രിൻസിപ്പൽ നിയമനം നടത്തിയിട്ടില്ല. 7 ൽ 1 സർക്കാർ സ്കൂൾ വിതം ഒരുവർഷമായി പ്രിൻസിപ്പൽ ഇല്ലാതെ പ്രവർത്തിച്ചു.
19. ഓൺലൈൻ സ്ഥലംമാറ്റം ഒരുവർഷം മരവിപ്പിച്ചു. പകരം 300 ൽപരം അധ്യാപകർക്ക് സ്പെഷ്യൽ ഓർഡറിലൂടെ സ്ഥലംമാറ്റി. കംപാഷണേറ്റ് സ്ഥലംമാറ്റത്തിൽ അഴിമതി നടത്തിയ ആദ്യ സർക്കാർ.
20. ഹയർസെക്കന്ററി ഓഫീസിൽ മന്ത്രിയുടെ ഓഫീസിന്റെ അനുബന്ധസെഷൻ തുടങ്ങിയ ആദ്യസർക്കാർ.
21. വിദ്യാഭ്യാസ വകുപ്പിനെ ലീഗുവൽക്കരിച്ചു.
22. അഴിമതിക്കാരായ ഡി.ഡി മാരുടെ സസ്പെൻഷൻ മരവിപ്പിച്ചു.
23. രാഷ്ട്രീയ വിദ്വേഷത്തിന്റെ പേരിൽ മലപ്പുറം ജില്ലയിൽ അധ്യാപകരെ സ്ഥലംമാറ്റി.
24. അധ്യാപക–വിദ്യാർത്ഥി അനുപാതം ഒരുവർഷമായിട്ടും നടപ്പിലാക്കിയിട്ടില്ല (1:30 ഒരുവർഷത്തിന് മുൻപുള്ള എൽ.ഡി.എഫ് സർക്കാരിന്റെ ഉത്തരവ്).

തിരുവനന്തപുരം | **എം.ഷാജഹാൻ**
23.05.2012 | ജനറൽസെക്രട്ടറി